ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ദുരന്ത പ്രതിരോധത്തിൽ മുന്നറിയിപ്പ് സംവിധാനങ്ങളും ഏകോപനവും ശക്തിപ്പെടുത്തേണ്ടത് നിർണായക മാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says it is crucial to strengthen warning systems and coordination in disaster management.**

2. ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ കർഷക - കാർഷിക അഭിവൃദ്ധിയ്ക്ക് വലിയ പങ്കുണ്ടെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ

   **Union Agriculture Minister Shivraj Singh Chouhan says that farmers and agricultural prosperity play a major role in making India a developed country**

3. ഫ്രാൻസിൽ ചേരുന്ന ഐക്യരാഷ്ട്രസഭയുടെ സമുദ്ര സമ്മേളനത്തിൽ കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് പങ്കെടുക്കും

   **Union Minister Jitendra Singh will participate at the International Meet on Oceans in France**

4. ത്യാഗസ്മരണയിൽ ബലിപെരുന്നാൾ ആഘോഷിച്ച് വിശ്വാസികൾ

   **Believers celebrate Eid al-Adha in memory of sacrifice**

5. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. വോട്ടെടുപ്പ് 19 ന്

**Political parties intensify campaign for Nilambur by-election. Voting on 19th**

6. **തായ്‌വാൻ ഓപ്പണിലെ ആദ്യ ദിനം ഇന്ത്യയ്ക്ക് നാല് സ്വർണ്ണം, ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ അരീന സബലേങ്ക - കോക്കോ ഗൗഫ് മത്സരം പുരോഗമിക്കുന്നു.**

**India wins four gold medals on the first day of Taiwan Open, Aryna Sabalenka – Coco Gauff match in French Open tennis women's singles final is in progress.**

**&&&&&&&&&&&&&&&&&**

**PM-CDRI (INTRO)**

ദുരന്ത പ്രതിരോധത്തിൽ മുന്നറിയിപ്പ് സംവിധാനങ്ങളും ഏകോപനവും ശക്തിപ്പെടുത്തേണ്ടത് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദുരന്ത പ്രതിരോധ അടിസ്ഥാന സൗകര്യ സമ്മേളനം 2025, CDRI - യെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വികസ്വര രാജ്യങ്ങൾക്ക് ധനസഹായം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഇതിൽ വികസ്വര ദ്വീപ് രാജ്യങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. CDRI-ൽ ആഫ്രിക്കൻ യൂണിയൻ അംഗമായതിൽ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി.

*(ഹോൾഡ് വോയ്സ്......)*

ഈ വർഷം ഫ്രാൻസിലാണ് സമ്മേളനം നടക്കുന്നത്.

&&&&&&&&&&&&&&&&&

**PM – RAJNATH SINGH**

ഇന്ത്യയ്ക്കെതിരായ ഏതൊരു ആക്രമണത്തിനും ശക്തമായ തിരിച്ചടി നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരവാദികൾക്കും അവരെ പിന്തുണയ്ക്കുന്നവർക്കും വിവേചനമില്ലാതെ തിരിച്ചടി ഉണ്ടാകും. അതിർത്തി കടന്നുള്ള ഭീകരതയോട് യാതൊരു വിട്ടുവീഴ്ചയ്ക്കും ഇന്ത്യ തയ്യാറല്ലെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് എഴുതിയ ലേഖനം പങ്കുവെച്ചുകൊണ്ട് ശ്രീ മോദി പറഞ്ഞു. ചർച്ചകളും ഭീകരതയും ഒരുമിച്ച് പോകില്ലെന്നും, പാകിസ്ഥാനുമായുള്ള ഭാവിയിലെ ഏതൊരു ചർച്ചയും, ഭീകരവാദത്തിലും പാക് അധീന കശ്മീരിലും മാത്രമായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുകയെന്നും ശ്രീ രാജ്നാഥ് സിംഗ് തന്റെ ലേഖനത്തിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**BIRLA BRICS**

നിയമവാഴ്ച, ആഗോള സഹകരണം, ലോക വേദികളിലെ ചർച്ചകൾ എന്നിവയെ ഇന്ത്യ എപ്പോഴും പിന്തുണച്ചിട്ടുണ്ടെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ബ്രസീലിൽ നടന്ന 11-ാമത് ബ്രിക്സ് പാർലമെൻററി ഫോറത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ച ശേഷം പങ്കുവെച്ച വീഡിയോ സന്ദേശത്തിലാണ് ശ്രീ ബിർള

ഇക്കാര്യം അറിയിച്ചത്. പഹൽഗാം ഭീകരാക്രമണത്തെ അംഗരാജ്യങ്ങൾ അപലപിച്ചതായും ശ്രീ ബിർള പറഞ്ഞു.

&&&&&&&&&&&&&&&&&

## WORLD BANK-POVERTY RATE

അതിദാരിദ്ര്യം കുറയ്ക്കുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായി ലോകബാങ്ക്. ലോകബാങ്കിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, അതിദാരിദ്ര്യ നിരക്ക് 2011-12 ലെ 27.1 ശതമാനത്തിൽ നിന്ന് 2022-23 ആയപ്പോഴേക്കും 5.3 ശതമാനമായി കുറഞ്ഞു.

&&&&&&&&&&&&&&&&&

## SHIVRAJ CHOUHAN-VISIT

ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ കർഷക - കാർഷിക അഭിവൃദ്ധിയ്ക്ക് വലിയ പങ്കുണ്ടെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കൃഷി മെച്ചപ്പെടുത്തൽ, കർഷകരെ സമ്പന്നരാക്കൽ എന്നിവയെ ആശ്രയിച്ചാണ് രാജ്യത്തിൻറെ വികസനം. മധ്യപ്രദേശിലെ സെഹോറിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ 51 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്കും കേന്ദ്രമന്ത്രി തുടക്കം കുറിച്ചു.

&&&&&&&&&&&&&&&&&

## JITENDRA FRANCE

ഐക്യരാഷ്ട്രസഭയുടെ സമുദ്ര സമ്മേളനം ഈ മാസം 13 വരെ ഫ്രാൻസിലെ തീരദേശ നഗരമായ നീസിൽ നടക്കും. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രി ജിതേന്ദ്ര സിംഗിൻ്റെ നേതൃത്വത്തിൽ ഇന്ത്യൻ ഉന്നതതല പ്രതിനിധി സംഘം സമ്മേളനത്തിൽ പങ്കെടുക്കാൻ ഫ്രാൻസിലേക്ക് പുറപ്പെട്ടു. ലോകമെമ്പാടുമുള്ള നേതാക്കൾ, ശാസ്ത്രജ്ഞർ, നയരൂപകർത്താക്കൾ, സിവിൽ സൊസൈറ്റി പ്രവർത്തകർ എന്നിവർ സമ്മേളനത്തിൻ്റെ ഭാഗമാകും. സുസ്ഥിര സമുദ്ര ഭരണത്തെക്കുറിച്ചും ലോക സമുദ്രങ്ങളുടെ ആരോഗ്യത്തിനായുള്ള നടപടികളെക്കുറിച്ചും സമ്മേളനം ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&

## SHAH-NAXAL OP OFFICERS

അടുത്തിടെ നടന്ന നക്സൽ വിരുദ്ധ പോരാട്ടങ്ങളിൽ നിർണായക പങ്കു വഹിച്ച ഉദ്യോഗസ്ഥരുമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നക്സൽ വിരുദ്ധ പോരാട്ടങ്ങളിലെ ചരിത്രപരമായ വിജയത്തിന് അവരെ അഭിനന്ദിച്ച ശ്രീ ഷാ ഇന്ത്യയിൽ നിന്ന് നക്സലിസം തുടച്ചുനീക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പറഞ്ഞു. ഉടൻ തന്നെ ഛത്തീസ്ഗഢ് സന്ദർശിക്കുമെന്നും നക്സൽവിരുദ്ധ പോരാട്ടം വിജയകരമാക്കിയ സൈനികരുമായി കൂടിക്കാഴ്ച നടത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## CCPA-ADVISORY

തെറ്റായ വ്യാപാര രീതികളും, ആളുകളെ തെറ്റിദ്ധരിപ്പിച്ച് സേവനങ്ങളും ഉത്പന്നങ്ങളും വിൽക്കുന്ന ഡാർക്ക് പാറ്റേണും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളോട് നിർദേശിച്ച് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിട്ടി. ഡാർക്ക് പാറ്റേൺ സംബന്ധിച്ച് എല്ലാ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും മൂന്ന് മാസത്തിനുള്ളിൽ സ്വയം പരിശോധന നടത്തണമെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഡാർക്ക് പാറ്റേണുമായി ബന്ധപ്പെട്ട നിയമം പാലിക്കാത്ത പ്ലാറ്റ്ഫോമുകൾക്ക് മന്ത്രാലയം നോട്ടീസ് നൽകി.

&&&&&&&&&&&&&&&&&&

## JAISHANKAR UK SECRETARY (INTRO

ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറും ഡബിൾ കോൺട്രിബ്യൂഷൻ കൺവെൻഷൻ കരാറും നാഴികക്കല്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. കരാർ ഇരുരാജ്യങ്ങളുടെയും വ്യാപാരം, നിക്ഷേപം എന്നിവ വർദ്ധിപ്പിക്കുന്നതിനൊപ്പം ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പഹൽഗാം ഭീകരാക്രമണത്തിനെതിരായ നിലപാടുകൾക്കും ഇന്ത്യയ്ക്ക് നൽകിയ പിന്തുണയ്ക്കും ശ്രീ ജയശങ്കർ നന്ദി അറിയിച്ചു.

(ഹോൾഡ് വോയ്സ്.......)

&&&&&&&&&&&&&&&&&

**DAY EID-ul-AZHA**

ത്യാഗത്തിന്റെ സ്മരണ ഉണർത്തി , രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്ലാം മതവിശ്വാസികൾ ബലിപെരുന്നാൾ ആഘോഷിച്ചു. ഇന്ന് രാവിലെ ഈദ്ഗാഹുകളിലും പള്ളികളിലും വിശ്വാസികൾ ഈദ് നമസ്കാരം നടത്തി. ഡൽഹിയിൽ, ജുമാ മസ്ജിദ്, ഫത്തേപുരി മസ്ജിദ്, ഷാഹി ഈദ്ഗാഹ എന്നിവിടങ്ങളിലും നമസ്കാര ചടങ്ങുകൾ നടന്നു.

&&&&&&&&&&&&&&&&&

**NILAMBUR ELECTION**

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ. ബലി പെരുന്നാൾ ദിനമായ ഇന്ന് മുന്നണികൾ പരസ്യപ്രചാരണം ഒഴിവാക്കിയിരുന്നു. ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട

റാൻഡമൈസേഷൻ തിങ്കളാഴ്ച നടക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽകർ അറിയിച്ചു. 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 നാണ്.

&&&&&&&&&&&&&&&&&

## TAIWAN OPEN-GOLD

തായ്‌വാൻ ഓപ്പണിൽ മികച്ച തുടക്കം കുറിച്ച് ഇന്ത്യൻ അത്‌ലറ്റുകൾ. ആദ്യ ദിവസമായ ഇന്ന് നാല് സ്വർണ്ണ മെഡലുകൾ നേടി. വനിതകളുടെ 1500 മീറ്റർ ഓട്ടത്തിൽ പൂജ, പുരുഷന്മാരുടെ ട്രിപ്പിൾ ജമ്പിൽ അബ്ദുള്ള അബൂബക്കർ, വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ജ്യോതി യാരാജി, പുരുഷന്മാരുടെ 110 മീറ്റർ ഹർഡിൽസിൽ തേജസ് ഷിർസെ എന്നിവരാണ് ഇന്ത്യയ്ക്ക് വേണ്ടി സ്വർണം കരസ്ഥമാക്കിയത്.

&&&&&&&&&&&&&&&&&

## FRENCH OPEN

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസിൽ ഫൈനലിൽ ലോക ഒന്നാം നമ്പർ താരം അരീന സബലേങ്കയും രണ്ടാം സീഡ് കോക്കോ ഗൗഫും തമ്മിലുള്ള മത്സരം പുരോഗമിക്കുന്നു. ഇതാദ്യമായാണ് സബലേങ്ക ഫ്രഞ്ച് ഓപ്പണിന്റെ ഫൈനലിലെത്തുന്നത്. കോക്കോയുടെ രണ്ടാം ഫൈനലാണിത്. പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകാരസും നാളെ ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## SPECIAL FEATURE – 11 YEARS OF GOVT

പരിസ്ഥിതി സംരക്ഷണവും സമഗ്ര വളർച്ചയും ഒരുമിക്കുന്ന വികസന മാതൃകയാണ് കഴിഞ്ഞ പത്തു വർഷമായി ഇന്ത്യ പിന്തുടരുന്നതെന്ന് കേന്ദ്ര സർക്കാർ. നദികളുടെ പുനരുജ്ജീനം, ആവാസവ്യവസ്ഥയുടെ പുനസ്ഥാപനം, ഹരിത അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ എന്നിവയിലൂടെ കരുതലോടെയുള്ള സംരക്ഷണത്തിന് രാജ്യം ശക്തമായ പ്രതിബദ്ധതയാണ് പ്രകടിപ്പിക്കുന്നത്. നമാമി ഗംഗെ മിഷൻ, സ്വച്ഛ് ഭാരത് മിഷൻ, ഏക് പേഡ് മാ കേ നാം എന്നിവ ഇതിന് ഉദാഹരണങ്ങളാണെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## RUSSIA-UKRAINE ATTACK

യുക്രെയ്നിലെ ഖാർകിവ് നഗരത്തിൽ റഷ്യ നടത്തിയ ഡ്രോൺ, മിസൈൽ ആക്രമണത്തിൽ മൂന്ന് പേർ മരിച്ചു. 21 പേർക്ക് പരിക്കേറ്റു. ആക്രമണത്തിൽ 18 കെട്ടിടങ്ങളും 13 വീടുകളും തകർന്നു. റഷ്യ 48 ഷാഹെദ് ഡ്രോണുകളും രണ്ട് മിസൈലുകളും നാല് ഏരിയൽ ഗ്ലൈഡ് ബോംബുകളും ഉപയോഗിച്ചതായാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&&&

## RARE EARTH MINERALS

അപൂർവ ഭൗമ ലോഹങ്ങളുടെയും നിർണായക ധാതുക്കളുടെയും സംയുക്ത പര്യവേക്ഷണത്തിന് ഇന്ത്യയുമായി ചേർന്ന് പ്രവർത്തിക്കാൻ താത്പര്യം പ്രകടിപ്പിച്ച് മധ്യേഷ്യൻ രാജ്യങ്ങൾ. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിൻറെ അധ്യക്ഷതയിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന ഇന്ത്യ-മധ്യേഷ്യ സംഭാഷണത്തിൻറെ നാലാമത് യോഗത്തിന് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കസാക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്, തജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

**COAST GUARD-VIZHINJAM**

തീരസംരക്ഷണ സേനയുടെ വിഴിഞ്ഞം സ്റ്റേഷനു വേണ്ടി നിർമ്മിച്ച പുതിയ ബെർത്ത് കോസ്റ്റ് ഗാർഡ് മേധാവി ഡയറക്ടർ ജനറൽ എസ് പരമേഷ് ഉദ്ഘാടനം ചെയ്തു. 10 കോടി രൂപ ചെലവിട്ട് 76 മീറ്റർ നീളവും എട്ടുമീറ്റർ വീതിയിലുമാണ് പുതിയ ബെർത്ത് നിർമ്മിച്ചിരിക്കുന്നത്. വലിയ കപ്പലുകൾക്ക് അടുക്കാൻ കഴിയും വിധമാണ് പുതിയ ബെർത്തിൻറെ നിർമ്മാണം.

&&&&&&&&&&&&&&&&&

**VIKASITH SANKALP**

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ കേരളത്തിലെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായ പരിപാടികൾ ഇന്ന് പത്തനംതിട്ട മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടന്നു. ഈ മാസം 12 വരെയാണ് ക്യാമ്പയിൻ.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&